DESPATCHED
On..25/02/2020

28/01/2020

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,

തിരുവനന്തപുരം 695 001
ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic@kerala.-nic.-in

## ഹർജി നമ്പർ C.P. No.921(6)/2015/എസ്.ഐ.സി.

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

*(ഫയൽ നം.11735/എസ്.ഐ.സി–ജി 5/2015)*

സന്നിഹിതൻ

**ശ്രീ. വിൻസൻ എം. പോൾ, മുഖ്യ വിവരാവകാശ കമ്മീഷണർ**

.ശ്രീ. ഷാജി മാത്യൂ
വെള്ളാവള്ളിയിൽ വീട്
കുവപ്പാറ പി.ഒ.,
ചേലാട് –686681
} പരാതി ഹർജിക്കാരൻ

പബ്ലിക് ഇൻഫർമേഷൻ ഓഫീസർ
കുടുംബശ്രീ സി.ഡി.എസ്.
കൂട്ടമ്പുഴ ഗ്രാമ പഞ്ചായത്ത്, കുട്ടമ്പൂഴ പി.ഒ.,
എറണാകുളം.– 686681
} എതിർകക്ഷി

| | |
|---|---|
| 6(1) അപേക്ഷ നൽകിയ തീയതി | 20.01.2015 |
| മറുപടി ലഭ്യമാക്കിയ തീയതി | 18.02.2015 |
| കമ്മീഷനിൽ പരാതി സമർപ്പിച്ച തീയതി | 06.07.2015 |
| കമ്മീഷൻ പരാതി ലഭിച്ച തീയതി | 10.07.2015 |
| ഹിയറിംഗ് തീയതി<br>സ്ഥലം | 25.01.2020<br>സ്പാർക്ക്ഹാൾ,കളക്ടറേറ്റ്,എറണാകുളം |
| ഹിയറിംഗിലെ സാന്നിധ്യം :പരാതി ഹർജിക്കാരൻ<br>: എസ്.പി.ഐ.ഒ | ഹാജരായില്ല<br>ഹാജരായി |

## ഉത്തരവ്

പരാതി ഹർജിക്കാരനായ ശ്രീ. ഷാജി മാത്യൂ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, 2010 മുതൽ 2014 വരെയുള്ള കാലയളവിൽ കുട്ടമ്പുഴ സി.ഡി.എസ് വഴി നൽകിയ ആനുകൂല്യങ്ങളും നടപ്പിലാക്കിയ പദ്ധതികൾ സംബന്ധിച്ച വിവരങ്ങളുമാണ് ടിയാൻ ആവശ്യപ്പെട്ടിരുന്നതെന്നും ടിയാൻ ആവശ്യപ്പെട്ട ആടുഗ്രാമം പദ്ധതി സംബന്ധിച്ച് നൽകിയ മറുപടികളിൽ വിവരങ്ങൾ ഒന്നും നൽകാതെ ഒഴിഞ്ഞു മാറുകയാണ് എതിർകക്ഷി ചെയ്തിട്ടുള്ളതെന്നും ടിയാന് തെറ്റായ വിവരങ്ങൾ നൽകിയ കുട്ടമ്പുഴ ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്കും കുടുംബശ്രീ ജില്ലാ കോ-ഓർഡിനേറ്റർക്കും എതിരായി നടപടി സ്വീകരിക്കണെന്നും മറ്റുമാണ്.

2. സി.ഡി.എസ് മെമ്പർ സെക്രട്ടറി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത് താഴെപ്പറയുന്ന വിവരങ്ങളാണ്:

i) 2010 മുതൽ 2014 വരെ 6-ാം വാർഡിൽ നടത്തിയിരിക്കുന്ന പ്രവർത്തനങ്ങൾക്ക് ചെലവായ തുക എത്രയെന്ന് തരം തിരിച്ച് നൽകണമെന്നും

ii) 2014 ൽ വിതരണം ചെയ്ത ഒരു ആടിന്റെ വില എത്രയെന്നും തൂക്കം എത്രയെന്നും എത്ര ആട് വിതരണം ചെയ്തുവെന്നും കൊടുത്ത ഗുണഭോക്താക്കളുടെ ലിസ്റ്റ് നൽകണമെന്നും ആട് വിതരണം നടത്തിയത് ആരാണെന്നും വിതരണം നടത്തിയ ഏജൻസിയുടെയോ ആളിന്റെയോ വിലാസം നൽകണമെന്നുമാണ്.

മേൽപ്പടി അപേക്ഷയിന്മേൽ എതിർകക്ഷി മറുപടി നൽകിയതായി കാണുന്നു.

3. എതിർകക്ഷി, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, കുട്ടമ്പുഴ ഗ്രാമ പഞ്ചായത്തിൽ 2014-15 വർഷത്തിൽ 6-ാം വാർഡിലെ കുടുംബശ്രീ അംഗങ്ങൾക്ക് മൈക്രോ സംരംഭങ്ങൾ ആരംഭിക്കുന്നതിന് മുന്നോടിയായി കുടുംബശ്രീ എറണാകുളം ജില്ലാ മിഷൻ ജനറൽ ഓറിയന്റേഷൻ ട്രെയിനിംഗ് നടത്തുകയും തുടർന്ന് താൽപര്യമുള്ളവരിൽ നിന്നും കുടുംബശ്രീ ജില്ലാമിഷൻ നേരിട്ട് അപേക്ഷ

RIGHT TO INFORMATION

സ്വീകരിക്കുകയും ജില്ലാമിഷനിൽ നിന്നുള്ള മൈക്രോ എന്റർപ്രൈസസ് കൺസൾട്ടന്റ് പ്രോജക്ട് തയ്യാറാക്കി നൽകുകയും ചെയ്തുവെന്നും ആയതു പ്രകാരം ആടുഗ്രാമം പദ്ധതിയിലെ 20 ഗ്രൂപ്പിലെ 100 അംഗങ്ങൾക്ക് ആട് വിതരണത്തിനുള്ള ശുപാർശ കുട്ടമ്പുഴ കമ്മ്യൂണിറ്റി ഡവലപ്പ്മെന്റ് സൊസൈറ്റി ജില്ലാമിഷനിൽ നൽകുകയും ചെയ്തുവെന്നും ജില്ലാമിഷനിൽ നിന്നും ഗ്രൂപ്പിന് 50,000 രൂപാ വീതം 20 ഗ്രൂപ്പിനായി 10 ലക്ഷം രൂപ ബാക്ക് എൻഡ് സബ്സിഡിയായി എറണാകുളം ജില്ലാ മിഷനിൽ നിന്നും നേരിട്ട് കുട്ടമ്പുഴ സർവ്വീസ് സഹകരണ ബാങ്കിന് നൽകുകയും ചെയ്തുവെന്നും ഗ്രൂപ്പ് അംഗങ്ങൾ തുക പിൻവലിച്ച് സംരംഭം ആരംഭിക്കുകയും ചെയ്തിട്ടുള്ളതാണെന്നും അപേക്ഷകരുടെ വിശദ വിവരങ്ങൾ കുടുംബശ്രീ ജില്ലാമിഷനിലാണ് സൂക്ഷിച്ചിട്ടുള്ളതെന്നും അതു സംബന്ധിച്ച് സി.ഡി.എസ് ഓഫീസിൽ തീരുമാന രജിസ്റ്റർ മാത്രമെ ഉള്ളൂവെന്നുമാണ്.

4. കുട്ടമ്പുഴ ഗ്രാമപഞ്ചായത്ത് സെക്രട്ടറി, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ഹർജിക്കാരൻ സി.ഡി.എസ് മെമ്പർ സെക്രട്ടറിക്കാണ് അപേക്ഷ നൽകിയിരുന്നതെന്നും വിവരാവകാശ നിയമ പ്രകാരം പഞ്ചായത്തിലെ പബ്ളിക് ഇൻഫർമേഷൻ ഓഫീസർ എന്ന നിലയിൽ പഞ്ചായത്തു സെക്രട്ടറിക്ക് അപേക്ഷ നൽകിയില്ലായെന്നും എങ്കിലും ഹർജിക്കാരന്റെ അപേക്ഷ സി.ഡി.എസ് മെമ്പർ സെക്രട്ടറിക്ക് അയച്ചു കൊടുത്തിരുന്നുവെന്നും ആയതു പ്രകാരം സി.ഡി.എസ് മെമ്പർ സെക്രട്ടറി ഹർജിക്കാരന് മറുപടി നൽകിയിട്ടുള്ളതാണെന്നും മേൽപ്പടി മറുപടി സി.ഡി.എസ് മെമ്പർ സെക്രട്ടറി നൽകിയിട്ടുള്ളത് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ എന്ന നിലയിൽ അല്ലെന്നും അപ്രകാരം ആരും ടിയാനെ ചുമതലപ്പെടുത്തിയിട്ടില്ലെന്നും മേൽപ്പടി വിഷയത്തിൽ സ്റ്റേറ്റ് വിജിലൻസിൽ ആരോ പരാതി നൽകിയതിനെ തുടർന്ന് വിജിലൻസ് ഉദ്യോഗസ്ഥർ പഞ്ചായത്ത് ഓഫീസിൽ വന്നപ്പോഴാണ് പഞ്ചായത്തു സെക്രട്ടറി എന്ന നിലയിൽ ടിയാൻ വിവരം അറിഞ്ഞതെന്നും പരാമർശിത പദ്ധതി കുടുംബശ്രീ ജില്ലാമിഷനാണ് നടപ്പിലാക്കിയതെന്നും ബന്ധപ്പെട്ട ഗുണഭോക്താക്കളെ /യൂണിറ്റുകളെ തെരഞ്ഞെടുത്തതും ജില്ലാ മിഷനാണെന്നാണ് അറിയാൻ കഴിഞ്ഞതെന്നും അതാതു ഗ്രൂപ്പിന്റെ സബ്സിഡി തുക ജില്ലാ മിഷനിൽ നിന്ന് നേരിട്ടാണ് കുട്ടമ്പുഴ സഹകരണ ബാങ്കിലേയ്ക്ക് അയച്ചു കൊടുത്തത് എന്നും മറ്റുമാണ്.

5. പരാതി ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരന്റെ അപേക്ഷയിൽ ആവശ്യപ്പെട്ട വിവരങ്ങളിൽ കുട്ടമ്പുഴ കുടുംബശ്രീ സി.ഡി.എസ്

RIGHT TO INFORMATION

ഓഫീസിൽ ലഭ്യമായ വിവരങ്ങൾ ഹർജിക്കാരന് നൽകിയിട്ടുള്ളതായി കാണുന്നു. ഹർജിക്കാരൻ പഞ്ചായത്തു സെക്രട്ടറി മുമ്പാകെ അപേക്ഷയൊന്നും സമർപ്പിച്ചിട്ടില്ലാ യെന്നു കാണുന്നതിനാൽ പഞ്ചായത്തു സെക്രട്ടറിയുടെ ഭാഗത്തുനിന്നും എന്തെങ്കിലും വീഴ്ച ഉണ്ടായിട്ടുള്ളതായി കാണുന്നില്ല. ആയതിനാൽ ഈ പരാതി ഹർജിയിൽ മറ്റു നടപടികൾ ആവശ്യമില്ലെന്നു വിലയിരുത്തി, ഈ പരാതി ഹർജി ഇന്നേ ദിവസം 2020 ജനുവരി 28-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

**ഒപ്പ്**

**വിൻസൻ എം. പോൾ**
**മുഖ്യ വിവരാവകാശ കമ്മീഷണർ**

STATE INFORMATION COMMISSION ★ KERALA, THIRUVANANTHAPURAM ★

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

അഡീഷണൽ സെക്രട്ടറി (നിയമം)

RIGHT TO INFORMATION